# അടിമയിൽനിന്ന് മനുഷ്യനിലേക്കുള്ള ആധുനികതയുടെ നടപ്പാത: ഘാതകവധത്തിന്റെ ചരിത്രപാഠങ്ങൾ

**ഡോ. യാക്കോബ് തോമസ്**
അസി. പ്രൊഫസർ,
കെ. കെ. ടി. എം. ഗവ. കോളേജ്,
പുല്ലൂറ്റ്
Email: yacobthom6@gmail.com

**സംഗ്രഹം**

കൊളോണിയൽ – മിഷണറി ആധുനികതയിലൂടെയാണ് ഫ്യൂഡലിസത്തെ വിച്ഛേദിച്ച് ജാതികളായിരുന്ന ശരീരങ്ങൾ മനുഷ്യരെന്ന പദവിയിലേക്ക് എത്തപ്പെട്ടത്. ശ്രേണികളായി വിഭജിക്കപ്പെട്ട ശരീരങ്ങൾ ആധുനികതയുടെ അച്ചടി- സ്കൂൾ- മതപാഠങ്ങളിലൂടെ തുല്യതയുള്ള ശരീരങ്ങളായി അടയാളപ്പെടുന്നു. അതിന്റെ ചരിത്രപരമായ മുഴക്കം കേരളത്തിലെ അടിമകളുടെ മനുഷ്യവല്ക്കരണത്തിലൂടെയാണ്. അകറ്റിനിർത്തപ്പെട്ടിരുന്ന അടിമകൾ ചരിത്രത്തിലേക്കു കയറിവരുന്നതിന്റെ കാഴ്ചകളാണ് ആദ്യകാല മലയാളനോവലുകളുടെ കേന്ദ്ര ആശയം. ഘാതകവധം എന്ന നോവൽ ഇതിന്റെ ഒരടയാളമാണ്. കീഴാളർ ആധുനികരാകുന്നതിന്റെ പാഠങ്ങളെ വായിച്ചെടുക്കുകയാണ് ഈ പഠനം.

**താക്കോൽവാക്കുകൾ :** ആധുനികത, മനസ്സ്, അടിമത്തം

പത്തൊമ്പതാംനൂറ്റാണ്ടിലെ കേരളീയജീവിതത്തിലെ ആധുനികതയുടെ മുളപൊട്ടലിനെ അഞ്ചുകഥകളിലൂടെ ബന്ധിച്ചെടുത്തിരിക്കുന്ന ആഖ്യാനമാണ് കോളിൻസ് മദാമ്മയുടെ ഘാതകവധം. ജന്മി കോശിയുടെ മാനസാന്തരകഥ, അയാളുടെ അടിമയായ പുലയൻ പൗലൂസിന്റെ അതിജീവനകഥ, കോശിയുടെ മകൾ മറിയത്തിന്റെ കഥ, അന്ധനായ നമ്പൂതിരിയുടെ മാനസാന്തരകഥ, പുരോഹിതന്റെ കഥ. സൂക്ഷ്മമായ വായനയിൽ ഇന്ദുലേഖയിലേതിനേക്കാൾ കേരളീയചരിത്രപാഠങ്ങൾ മുദ്രിതമായിരിക്കുന്ന ആഖ്യാനമാണ് ഇതെന്നു കാണാം. വിശേഷിച്ചും അടിമകളുടെയും ജന്മിമാരുടെയും ജീവിതം ആഖ്യാനിക്കുന്നതിലൂടെ അക്കാലത്തെ കേരളീയസമൂഹത്തിൽ നടന്ന ആധുനികതാപരമായ മാറ്റങ്ങളുടെ അടിത്തട്ടാണ് നോവൽ

കാണിച്ചുതരുന്നത്. അതിന്റെ കേന്ദ്രം മറിയ എന്ന പതിനാലുകാരിയും പൗലൂസ് എന്ന അടിമയുമാണ്. മറിയ സ്കൂളിൽ പഠിക്കുന്ന കുട്ടിയാണ്. തനിക്കു കിട്ടിയ അറിവ് വിദ്യയിലൂടെ വേദോപദേശത്തിലൂടെ അവൾ മറ്റുള്ളവർക്കു നല്കുകയും ചെയ്യുന്നു.

പുലയരെ കഥാപാത്രമാക്കിയിരിക്കുന്ന നോവൽ മലയാളത്തിലെന്നല്ല ഇന്ത്യയിൽത്തന്നെ അക്കാലത്ത് പുതുമയായിരുന്നുവെന്ന് നിരൂപകർ ചൂണ്ടിക്കാണിച്ചിട്ടുണ്ട് (ജോർജ് ഇരുമ്പയം, 1997:40). കേരളീയ ജീവിതം ആധുനികതയുമായി കാര്യമായി സംഘർഷപ്പെടുന്നത് ഇവിടെ ചിത്രീകരിക്കുന്നു. സുറിയാനികളുടെ ജീവിതരീതികളിലേക്കും വസ്ത്രധാരണത്തിലേക്കും നോവലിസ്റ്റ് സഞ്ചരിക്കുന്നുണ്ട്. അക്കാലത്തെ ക്രിസ്ത്യാനികളുടെ പള്ളി, മത, കുടുംബ ജീവിതങ്ങളുടെ പ്രശ്നവല്കരണമായിട്ടാണ് ഇവ കടന്നുവരുന്നത്. 'നാട്ടുശീലങ്ങൾ' എന്തുകൊണ്ട് ബൈബിളിനു വിരുദ്ധമാകുന്നുവെന്നും അതിനെ എങ്ങനെ മാറ്റിത്തീർക്കണമെന്നും നോവൽ പറയുന്നു. പള്ളിമതത്തിന്റെ ജീർണതയ്ക്കെതിരേ മിഷനറിമാർ ഉണ്ടാക്കിയ വിശ്വാസവിപ്ലവത്തിന്റെ സൂചകമാണ് നോവലെന്ന് ഉമ്പമൺ തോമസ് പറയുന്നു (1992:31). "നമ്പൂരിത്തത്തിന്റെ സുയോധന വിലക്ഷണയ്ക്കെതിരേ ചന്തുമേനോൻ ഉയർത്തിയ ഭീമഗദയാണ് ഘാതകവധ രചയിതാക്കൾ മലങ്കര നസ്രാണികളുടെ നേരെ വലിച്ചെറിയുന്നത് " (അതേകൃതി, 31).

കേരളീയ ആധുനികതയിലെ മിക്ക ആശയങ്ങളും സങ്കല്പനരൂപത്തിൽ നോവലിൽ കാണാം. (1) അടിമത്തനിഷേധം. (2) ജാതിവിരുദ്ധത. (3) ആധുനികവിദ്യാഭ്യാസത്തിനുള്ള പ്രസക്തി. (4) എല്ലാവരും മനുഷ്യരാണെന്നും എല്ലാവരെയും തുല്യരായി സ്നേഹിക്കണമെന്നുള്ള ചിന്ത. (5) മനസിനും അതിന്റെ ഗുണങ്ങൾക്കുമുള്ള ഊന്നൽ. അതിലൂടെ സ്നേഹം മാനസികമാണെന്നുള്ള പഠിപ്പിക്കൽ. (6) പ്രണയവും വിവാഹവും മാനസികമായി അടുപ്പമുള്ളവർ നടത്തുന്ന തെരഞ്ഞെടുപ്പാണെന്ന പ്രഖ്യാപനം. (7) സ്ത്രീയെ വ്യക്തിയായി കാണുന്ന സമീപനം. (8) മിശ്രഭോജനം. കേരള നവോത്ഥാനചരിത്രത്തിലെ സുപ്രധാന സംഭവമായിഗണിക്കുന്ന മിശ്രഭോജനമെന്ന ആശയം നോവലിൽ വ്യക്തമായി പ്രതിപാദിക്കുന്നു. പുലയരും നമ്പൂതിരിയും മറിയയുടെ വിവാഹത്തിൽ ഒന്നിച്ചിരുന്ന് ഉണ്ണുന്ന സദ്യയുടെ വിവരണത്തിൽ ഇതു കാണാം. നിലവിലെ ജാതിവ്യവസ്ഥയ്ക്കു ബദൽ അതിന്റെ ശുദ്ധീകരണമല്ലെന്നും പുതിയൊരു ജ്ഞാന-സാമൂഹികവ്യവസ്ഥിതിയാണെന്നും കോളിൻസ് മാദാമ്മ ഭാവന ചെയ്യുന്നു.

വാർധക്യം വന്ന മനുഷ്യനായാണ് നായകനായ പൗലൂസിനെ അവതരിപ്പിക്കുന്നത്. 'വൃദ്ധൻ' എന്നു നോവലിൽ പറയുന്നു. എന്നാൽ അയാളുടെ പ്രവർത്തനങ്ങൾ സാക്ഷ്യപ്പെടുത്തുന്നത് അയാൾ അത്ര വൃദ്ധനല്ല എന്നാണ്. പൗലോസ് ക്രിസ്തീയവിശ്വാസിയായി തന്റെ ജാതിജീവിതത്തിൽ നിന്ന് പുറത്തുചാടുന്നു. ഇത് ഭ്രവുടമയായ കോശിയെ വിറളിപിടിപ്പിക്കുന്നു. അവർ തമ്മിലുള്ള സംഘട്ടനവും ഒടുവിൽ കോശിയുടെ മാനസാന്തരവുമാണ് നോവലിന്റെ വിഷയം. കോശിയുടെ മകളായ മറിയത്തിലൂടെയാണ് ക്രിസ്തുമതാശയങ്ങൾ പൗലൂസ് അടക്കമുള്ളവർ നേടുന്നത്. പൗലൂസിന്റെ കുട്ടിയെ കോശി കൊല്ലുന്നതോടു കൂടിയാണ് നോവൽ തുടങ്ങുന്നത്. ആ മരണം ഏല്പിച്ച ആഘാതത്തിലും അയാൾ തളരുകയല്ല മറിച്ച് ക്ഷമയുടെയും സഹനത്തിന്റെയും ക്രിസ്തീയവഴിയിൽ ഉറച്ചുനില്ക്കുകയാണ്. ജന്മിത്തത്തിന്റെ പാതയെ അംഗീകരിക്കുന്ന സുറിയാനി വിശ്വാസമാണ് കോശിയും മറ്റും പിന്തുടരുന്നത്. ആ പാതയ്ക്കു വിരുദ്ധമായി കീഴാളരുടെ മോചനത്തെ ഉന്നംവയ്ക്കുന്ന പാതിരിവേദക്കാരുടെ വിശ്വാസങ്ങളും


ISSN: 2582 - 2594

കടന്നുവരുന്നു. സുറിയാനി വിശ്വാസവും മിഷനറി വിശ്വാസവും തമ്മിലുള്ള സംഘട്ടനമാണ് നോവലിന്റെ കാതൽ. പൗലൂസ്, മറിയം, ബ്രാഹ്മണൻ എന്നിവർ മിഷണറിമാരുടെ ഭാഗത്തും കോശിയും മറ്റും മറുഭാഗത്തും നില്ക്കുന്നു.

പൗലൂസിന്റെ മകനെ കൊന്ന കോശി എന്ന ഘാതകന് അവസാനം മാനസാന്തരം വരുന്നതാണ് നോവൽ ഘാതകവധം എന്ന പേരുകൊണ്ട് അടയാളപ്പെടുത്തുന്നത്. മാനസികപരിവർത്തനംകൊണ്ട് ഘാതകനെ വധിച്ചു എന്നാണ് പറയുന്നത്. അങ്ങനെ തന്റെ ജന്മിയെ മാനസാന്തരത്തിലേക്ക് നയിച്ച, പൗലൂസ് അയാളുടെ അടിമ എന്ന അവസ്ഥയിൽനിന്ന് സ്വതന്ത്രമനുഷ്യനായി ക്രിസ്തീയ ഉപദേശിയായി മാറുന്നതാണ് ചിത്രീകരിക്കുന്നത്. കീഴാളരെകുറിച്ചുള്ള പൊതുബോധത്തിൽനിന്ന് പുതിയൊരു സാധ്യതയിലേക്കാണ് പൗലൂസിനെ ആവിഷ്കരിക്കുന്നത്. ജാത്യധിഷ്ഠിതമായ നിലവിലെ സുറിയാനിജീവിതം നാട്ടാചാരപ്രകാരമാണെന്നും അതിനെ മറികടക്കുന്ന ആത്മീയദർശനത്തിൽ അടിയുറച്ച വ്യക്തിജീവിതം ഉണ്ടാകണമെന്നുമുള്ള കാഴ്ചപ്പാടാണ് ഉന്നയിക്കപ്പെടുന്നത്. അതിലൂടെ അടിമകളെ പീഡിപ്പിക്കാത്ത, ജാതിനിരപേക്ഷമായി എല്ലാവരോടും ഇടപെടുന്ന, പുതിയ ലിംഗമൂല്യങ്ങളെ പോഷിപ്പിക്കുന്ന സംസ്കാരം രൂപപ്പെടുന്നു. അതിന്റെ അടയാളമാണ് കോശിയുടെ മാനസാന്തരം. നോവലിലെ ആധുനികത രൂപപ്പെടുത്തുന്നത് മറിയയെന്ന ജന്മി കോശിയുടെ മകളായ പതിന്നാലുകാരിയിലൂടെയാണ്. കോശിയുടെ മാനസാന്തരത്തിൽ അവൾക്കും പങ്കുണ്ട്. തന്റെ കാര്യത്തിൽ എല്ലാ തീരുമാനങ്ങളും പതിന്നാലുവയസ്സുള്ള അവളാണ് എടുക്കുന്നത്. ഇതിനൊക്കെ അവളെ സഹായിക്കുന്നത് അവൾക്കു കിട്ടിയ മിഷനറിസ്കൂളിലെ നവീകരണവിശ്വാസമാണ്. പ്രൊട്ടസ്റ്റന്റ് വിശ്വാസമാണ് ഘാതകവധത്തിലെ ആധുനികതയുടെ അടിസ്ഥാനം. പഴമയെ നീക്കി ആധുനികവ്യക്തിവല്കരണത്തിൽ അടിസ്ഥാനപ്പെട്ട ജീവിതരീതികൾ സാധ്യമാക്കുക എന്നതാണ് അതിന്റെ ഉള്ളടക്കം. മറിയ അങ്ങനെ ഇന്ദുലേഖയുടെ മുന്നോടിയും ഇന്ദുലേഖയെക്കാൾ വ്യക്തിത്വമുള്ള കഥാപാത്രമായും നിലകൊള്ളുന്നു.

### ആധുനികതയുടെ മനസ്സുകൾ

നോവലിൽ നിരന്തരം കാണുന്നത് മനസിനെക്കുറിച്ചുള്ള പരാമർശങ്ങളാണ്. കേരളത്തിൽ അക്കാലത്ത് രൂപംകൊണ്ട മനസ് - ശരീരം ദ്വന്ദ്വാത്മക സംവാദങ്ങളെയാണിത് കുറിക്കുന്നത്. പിന്നീട് ഇന്ദുലേഖയിലും മറ്റും ഈ ചർച്ച ശക്തിപ്പെടുന്നതുകാണാം. കോശിയുടെ മാനസികപരിവർത്തനത്തിന്റെ കഥയായ ഇതിൽ മനസിന്റെ മറ്റൊരു മാനമായ ആത്മാവും കടന്നുരുന്നു. 'പുലയന് ആത്മാവുണ്ടോ' എന്ന ചോദ്യത്തോടെയാണ് നോവൽ ആരംഭിക്കുന്നത്. അതിനുശേഷം പൗലൂസ്, ജന്മിയായ കോശിയുടെ മനസിനെ ദൈവം അലിയിക്കുന്നതുവരെ പണിയെടുക്കില്ലെന്നു ശപഥം എടുക്കുന്നു. പൗലൂസിന്റെ പ്രഖ്യാപനം കോശിയുടെ മനസിനെ ഇളക്കിമറിക്കുന്നത് പലരൂപത്തിൽ കാണുന്നു. പൗലൂസ് മതംമാറിയശേഷം അവന്റെ ക്രിസ്ത്യാനിയെന്ന പദവിയെ അവൻ കാണുന്നത് വിവിധതരം പ്രലോഭനങ്ങളിൽ നിന്നുള്ള അതിജീവനമായിട്ടാണ്. മനസിലെ സംഘർഷങ്ങളാണ് ഇവിടെ പ്രത്യക്ഷമാകുന്നത്.

ഏഴാം അധ്യായത്തിൽ മനസ് ശക്തമായി ഉന്നയിക്കപ്പെടുന്ന സംഭവം കാണാം. പൗലൂസിന്റെ വീട്ടിൽ പോയി അവനെ ശുശ്രൂഷിക്കുന്ന മറിയത്തിനെ തേടി പിതാവ് വരുന്നു.

കോപാകുലനായ കോശി അവളുടെ വസ്ത്രത്തിലും മറ്റും നോക്കുമ്പോൾ അവൾ പറയുന്നു; 'നിന്റെ ഹൃദയത്തിലെ സ്ഥിതി അറിയുന്നതിന് എന്റെ കണ്ണിനുനേരേ നോക്കുക' എന്ന് (അതേകൃതി, 68). മനസ്- കണ്ണ്- മുഖം എന്നിവ പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന ശരീരഘടനയായിട്ടാണ് പുതിയകാലത്ത് നിർവചിക്കുന്നത്. മറിയം അപകടത്തിൽപെട്ട സമയത്ത് പൗലൂസും കൂട്ടരും രക്ഷിച്ച് എത്തിച്ചപ്പോൾ ഇരുട്ടിൽവച്ച് പൗലൂസ് പറഞ്ഞ വാചകങ്ങൾ കോശിയുടെ ഹൃദയത്തെ നിരന്തരം ചുട്ടുപൊള്ളിച്ചതായി കാണുന്നു. മറിയത്തെ വിവാഹം ചെയ്യുവാൻ വന്ന ചെറുപ്പക്കാരൻ മുമ്പൊരു വിവാഹം ചെയ്തിരുന്നുവെന്നും ആദ്യത്തെ ഭാര്യയെ പീഡിപ്പിച്ചു കൊല്ലുകയായിരുന്നു വെന്നും സൂചിപ്പിച്ചുകൊണ്ട് 'ശരീരത്തിനു ഭക്ഷണം വേണ്ടപോലെ ഹൃദയത്തിനും സ്നേഹവും ദയയും വേണ്ടതാകുന്നുവെന്ന്' മറിയം പറയുന്നുണ്ട് (അതേകൃതി, 118). ചുരുക്കത്തിൽ ശരീര കേന്ദ്രീകൃതമായ ഫ്യൂഡൽ പുരുഷനെ റദ്ദാക്കുകയും ആന്തരികതയിൽ ശ്രദ്ധിക്കുന്ന മനുഷ്യരെ നോവൽ ഭാവന ചെയ്യുകയുംചെയ്യുന്നു. ഈ മനസാണ് ആധുനികവ്യക്തിയുടെ അടിസ്ഥാനം. കേരളചരിത്രത്തിൽ വ്യക്തികളെ ഭാവനചെയ്തത് ഇത്തരം നോവലുകളാണ്.

**പൗലൂസ്: അടിമത്തത്തിന് എതിരേ**

പൗലൂസ് എന്ന പേര് അടിമയ്ക്ക് നല്കിയതിൽ ക്രൈസ്തവ നസ്രാണി/സുറിയാനി വിരുദ്ധത കണ്ടെത്താം. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്ക് വ്യാപകമായി പൗലൂസ് എന്ന് പേരുണ്ടായിരുന്നു. കേരളത്തിൽ സുറിയാനികൾ നായരെപ്പോലെ സവർണപദവിയിലാണ് കഴിഞ്ഞിരുന്നത്. ഹിന്ദുജാതിക്ക് സമാന്തരമായി കച്ചവടം കുലത്തൊഴിലാക്കി കഴിഞ്ഞ നസ്രാണിക്ക് സവിശേഷപദവികൾ ഉണ്ടായിരുന്നതായും ഹിന്ദുക്ഷേത്രങ്ങളുമായി അവർക്ക് ബന്ധമുണ്ടായിരുന്നുവെന്നും ചരിത്രത്തിൽ കാണാം. ക്ഷേത്രത്തിലേക്കുള്ള വസ്തുക്കൾ അശു ദ്ധമായാൽ അത് തൊട്ട് ശുദ്ധമാക്കിയിരുന്നത് ക്രിസ്ത്യാനികളായിരുന്നു (കുര്യൻ തോമസ്, 2018:108). തൈലാദിവസ്തുക്കളശുദ്ധമായാൽ/ പൗലൂസു തൊട്ടാലതു ശുദ്ധമാകും എന്നപറച്ചിൽ ഇതുമായി ബന്ധപ്പെട്ടതാണ്. പൗലൂസ് എന്ന പേരാണവിടെയും വരുന്നത്. പൗലൂസ് എന്നത് നസ്രാണി എന്നതിന്റെ പ്രാസനിബദ്ധമായ ഒരു പ്രതിബിംബമാണെന്ന് കുര്യൻ തോമസ് പറയുന്നു (അതേകൃതി, 108). സുറിയാനികളുടെ ആഭിജാത്യമുള്ള പേരാണിത് എന്ന് വ്യക്തമാകുന്നു. സുറിയാനികളുടെ ആഭിജാത്യത്തിന്റെ അടയാളമായ പൗലൂസ് അടിമയ്ക്കും ഇട്ടതിലൂടെ സുറിയാനി- അടിമ വ്യത്യാസം എടുത്തുകളയുകയാണ് നോവൽ.

പുലയനായ അടിമയായിട്ടാണ് കഥയിൽ സ്ഥാനമെങ്കിലും വൈകാതെ നോവലിലെ ജന്മിയേക്കാൾ വലിയ മനുഷ്യനായി അയാൾ വളരുന്നു, ഒടുവിൽ ഉദാത്തമായ അവസ്ഥയി ലേക്കും അധിനിവേശ- മിഷനറി കാഴ്ചകൾ ഇവിടുത്തെ കീഴാളരെ കണ്ടിരുന്നത് മോഷണവും മറ്റും നടത്തുന്ന ദുർവൃത്തരായിട്ടാണ്. 'പുലയന് ആത്മാവുണ്ടോ' എന്ന കോശിയുടെ ചോദ്യമാണ് പൗലൂസിനെ പോലുള്ളവരെ അടയാളപ്പെടുത്തുന്ന ആദ്യസന്ദർഭം. മനസില്ലാത്ത വെറും മൃഗാവസ്ഥയിലുള്ളവരാണ് പുലയർ എന്ന കേരളീയ ജന്മിത്വപാഠത്തെ തിരുത്തുകയാണ് നോവലിന്റെ കഥാതന്തു തന്നെ. 'ആത്മാവില്ലാത്തവർ' എന്നു പറയുന്നവർക്ക് ആത്മാവു ണ്ടെന്നും ആത്മാവുണ്ടെന്ന കരുതി നടക്കുന്നവരുടെ ആത്മീയ ജീവിതം ശരിയല്ലെന്നുമാണ് നോവൽ പറയുന്നത്. അതായത് ആത്മാവില്ലാത്ത പൗലൂസിന്റെ ആത്മീയവഴിയാണ് ഒടുവിൽ

കോശിയും അനുഗമിക്കുന്നത്. ശരീരത്തിനു മീതെ മനസിനെ സ്ഥാപിക്കുന്ന പ്രത്യയശാസ്ത്ര വ്യവസ്ഥയിൽ പൗലൂസിന്റെ ശരീരത്തെക്കുറിച്ച് നോവൽ തികഞ്ഞ അശ്രദ്ധകാണിക്കുകയും അവന്റെ മനസിനെയും അതിന്റെ പരിവർത്തനങ്ങളെയും ശ്രദ്ധിക്കുകയും ചെയ്യുന്നു. വൃദ്ധനായ പൗലൂസ് നിരന്തരം പലരൂപത്തിൽ പീഡനത്തിനു വിധേയമാകുന്നുണ്ട്. ഒരു തവണ ജന്മിയുടെ അടികൾക്കും മറ്റൊരുതവണ അയാളുടെ ആൾക്കാരുടെ ചങ്ങലക്കിടലിനും പിന്നൊരുതവണ കല്ലേറിനും പൗലൂസ് വിധേയമാകുന്നു. ശരീരത്തിന് പീഡനമേല്ക്കുമ്പോഴും അവൻ തളരുകയല്ല മറിച്ച് കൂടുതൽ കരുത്തനാവുകയാണ്. അതിന്റെ ശക്തമായ രൂപമാണ് അവന്റെ ജന്മിക്കെതിരേയുള്ള പ്രതിജ്ഞ. വാർധക്യം വന്ന ശരീരത്തിൽ സ്ഥിതിചെയ്യുന്ന മനസ് യൗവനമുള്ളതാണെന്നും അതാണ് ശരീരത്തെ ജീവിപ്പിക്കുന്നതെന്നും ഇതിലൂടെ സൂചിപ്പിക്കുന്നു. പൗലൂസ് എങ്ങനെയാണ് നിലവിലെ ജീവിത്തിലേക്ക് വന്നതെന്ന വിവരണം കേവലമായ മതപരിവർത്തനത്തിന്റെ കഥയായിട്ടല്ല കാണേണ്ടത്, മറിച്ച് യേശുദാസൻ പറയുന്നപോലെ 'മതാരോഹണ'ത്തിന്റെ കഥയായാണ് (2010:4). ഒരു മതസംഘത്തിന്റെ പ്രവർത്തനഫലമായി പലരും ചേർന്നകൂട്ടത്തിൽ മതംമാറിയവനല്ലായിരുന്നു പൗലൂസ്. അക്കാലത്തെ സാമൂഹിക തിരിച്ചറിവുകൾ അതിലുണ്ടായിരുന്നു.

പുലയർക്കുവേണ്ടി മരിച്ച യേശുക്രിസ്തുവിനെക്കുറിച്ചു പറഞ്ഞ് ബൈബിൾ പൗലൂസിന് നല്കിയത് മറിയമാണ്. വായിക്കാനറിയാത്ത അവൻ ആ പുസ്തകം ആരും കാണാതെ സൂക്ഷിച്ചു പോന്നു. എന്നാൽ അതിനുള്ളിലെ ആശയങ്ങൾ വായിക്കണമെന്ന ചിന്ത അവനെ പുതിയൊരു മനുഷ്യനാക്കുകയായിരുന്നു. അക്ഷരമറിയാത്ത പൗലൂസ് ഒരു ഈഴവബാലനെ ഗുരുവാക്കി അവന് തന്റെ കൂലിയുടെ പകുതിനല്കി അക്ഷരാഭ്യാസം നേടി വായിക്കുന്നു. അങ്ങനെയാണവൻ ക്രിസ്ത്യാനിയാകുന്നത്. "എന്റെ ദിവസങ്ങൾ സൂര്യരശ്മിയും സന്തോഷവും ഉള്ളവയായിത്തുടങ്ങി" (കോളിൻസ് മദാമ്മ, 1990:67). ക്രിസ്തുവിനെക്കുറിച്ച് കേട്ട് അവനെക്കുറിച്ചുള്ള പുസ്തകം വായിക്കാനായി അക്ഷരാഭ്യാസം നേടി ജീവിതം നവീകരിച്ച പൗലൂസ് കേരളത്തിലെ അടിമജനതയുടെ മതാരോഹണചരിത്രത്തിലെ ആദിപാഠമാണ്. സാക്ഷരതാപ്രസ്ഥാനത്തിന്റെ തുടക്കക്കാഴ്ചയും. ബൈബിൾഭാഷയും ആശയങ്ങളും കീഴാളർക്ക് ജാതിയുടെ ലോകത്തിനെ വെല്ലുന്ന പുതിയലോകബോധം പ്രദാനം ചെയ്തതായി യേശുദാസൻ നിരീക്ഷിക്കുന്നുണ്ട് (2010:44). വിമോചന സന്ദേശവും പാട്ടും പ്രാർഥനയും അവർക്ക് പുതിയ ബദൽ ഇടം നല്കി (അതേകൃതി, 44). ഭൗതികമായ നേട്ടത്തിനൊപ്പം ആത്മീയമായ ബദലുമാണ് കേരളത്തിലെ മതപരിവർത്തനത്തിന്റെ ചരിത്രത്തെ സവിശേഷ പ്രശ്നമാക്കുന്നതെന്ന പറയാം.

ആശയതലത്തിൽ യേശുക്രിസ്തുവിനെ അനുഗമിക്കുമ്പോൾ സംഭവിക്കുന്ന മാറ്റങ്ങൾ അടിമത്തം എന്ന അവസ്ഥയെ ചോദ്യം ചെയ്യുന്നതായി നോവലിൽ പറയുന്നു.

1) എല്ലാവർക്കും വേണ്ടിയുള്ള ദൈവസങ്കല്പമാണ്, രക്ഷകനാണ് യേശു എന്നാണ് വാദം. അതായത് ഹിന്ദുവിശ്വാസമനുസരിച്ച് കീഴാളർക്കും മേലാളർക്കും തുല്യദൈവമില്ല, മേലാളരുടെ ദൈവത്തെ കീഴാളർക്ക് കാണാനോ ആരാധിക്കാനോ അവകാശമില്ല. ജാതീയമായി വേർപിരിഞ്ഞ ഹിന്ദുസങ്കല്പത്തിന് ഉപരിയായി എല്ലാവരെയും തുല്യമായിക്കാണുന്ന ദൈവസങ്കല്പം രൂപപ്പെടുന്നു. അതിലൂടെ ദൈവത്തിനുമുന്നിൽ എല്ലാവരും തുല്യരാണെന്നു പഠിപ്പിക്കപ്പെടുന്നു. ഇതുവഴി മനുഷ്യരൂപമുള്ളവരെല്ലാം ഒന്നാണെന്നും തുല്യരാണെന്നും അവർക്കിടയിലെ

വേർതിരിവുകൾ അപ്രസക്തമാണെന്നും പഠിപ്പിക്കപ്പെടുന്നു. പൗലൂസിന്റെ പുതിയ സ്വത്വത്തെ സാധ്യമാക്കുന്നത് മറിയത്തിലൂടെ ലഭിക്കുന്ന ഈ അറിവുകളാണ്. പൗലൂസ് അവസാനം ബ്രാഹ്മണനോടു ഇത് പറയുന്നുണ്ട്. "ക്രിസ്ത്യാനി മാർഗത്തിനു ചെയ്‌വാൻ കഴിയുന്നത് എന്തെന്നു നോക്കുവാൻ അനുസകലരെയും ക്രിസ്തുവിൽ ഒന്നാക്കുന്നു" (കോളിൻസ് മാദാമ്മ, 1990:142). മനുഷ്യരെ വേർതിരിവില്ലാതെ ഒന്നായിക്കാണുന്ന സന്ദേശമാണ് കേരളീയജാതിവ്യവസ്ഥയുടെ അടിവേരിനെ ചോദ്യംചെയ്ത പ്രധാന ആശയധാര. എന്നാൽ ക്രിസ്ത്യാനികൾക്കുപോലും അതിൽ വിശ്വാസമില്ലെന്നും എല്ലാവരെയും ഒന്നായിക്കാണുന്ന വിശ്വാസത്തിൽ സുറിയാനികളെയും കൊണ്ടുവരണമെന്നുമാണ് നോവൽ പറയുന്നത്. അടിമയും ഉടമയും ഒന്നാണെന്നും അടിമയ്ക്കു ഉടമയുടെ എല്ലാ അവകാശവുമുണ്ടെന്നും നോവൽ വ്യക്തമാക്കുന്നു.

2) ക്രിസ്ത്യാനിയായാൽ ആരാധന നിർബന്ധമാണ്. ആരാധനയ്ക്കാണ് ശബത്ത്ദിവസം-ഞായർ. ആ ദിവസം ഒരുവേലയും പാടില്ല. വിശ്രമമില്ലാതെ അടിമകളെ പണിയെടുപ്പിക്കുന്ന വ്യവസ്ഥയാണ് അടിമത്തം. പൗലൂസും കൂട്ടരും ഇങ്ങനെ പണിയെടുക്കുന്നവരായിരുന്നു. ഇവിടെയാണ് ഞായറാഴ്ച അവർ പണിയെടുക്കാതെ വിശ്രമിച്ച് ആരാധന നടത്താൻ ശ്രമിക്കുന്നത്. അതാണ് ജന്മി കോശിയെ വിറളിപിടിപ്പിക്കുന്നത്. പണിയെടുക്കുന്നവർക്കും വിശ്രമം വേണമെന്നും തൊഴിലാളിയെ പീഡിപ്പിക്കാനോ മറ്റോ ഉടമയ്ക്കവകാശം ഇല്ലെന്നുള്ള ആശയങ്ങൾ ഇതിലൂടെ കടന്നുവരുന്നു. എല്ലാവരും മനുഷ്യരെന്ന ബോധം, ആഴ്ചയിലൊരിക്കലുള്ള വിശ്രമം തുടങ്ങിയവ ക്രിസ്തുവിശ്വാസത്തിലൂടെ രൂപപ്പെടുകയും കേരളീയ അടിമത്തവ്യവസ്ഥ ചോദ്യംചെയ്യപ്പെടുകയും ചെയ്യുന്നു. അടിമത്തത്തിന്റെ എല്ലാ ഭാവങ്ങളെയും നോവൽ ചോദ്യംചെയ്യുന്നതിന്റെ ഒരുദാഹരണം അഞ്ചാംഅധ്യായത്തിൽ കാണാം. പൗലൂസിനെ യജമാനന്റെ ആൾക്കാർ നട്ടുച്ചവെയിലത്തു ചങ്ങലയിൽ പൂട്ടി ഇട്ടിടത്ത് ചെല്ലുന്ന പുരോഹിതൻ ആ പ്രവർത്തിയെ ചോദ്യംചെയ്യുന്നു. ക്രിസ്ത്യാനിമാർഗത്തെക്കുറിച്ച് വല്ലതും അറിഞ്ഞിട്ടുള്ളവരും സർക്കാരിന്റെ അടിമക്കാരെക്കുറിച്ചുള്ള കാര്യങ്ങളറിയുന്നവരും ഇങ്ങനെ ചെയ്യാൻ കൂട്ടാക്കുന്നതല്ലെന്നു പുരോഹിതൻ പറഞ്ഞതോടെ അവർ പൗലൂസിനെ വിമോചിപ്പിക്കുന്നു. ചുരുക്കത്തിൽ കേരളീയ അടിമത്തം എന്ന വ്യവസ്ഥയുടെ ചോദ്യംചെയ്യലാണ് ഘാതകവധത്തിന്റെ അടിത്തറ. ഈ ഭാഗത്ത് ക്രിസ്തുമതതാത്പര്യമാണെങ്കിലും അക്കാലത്ത് ലോകമാകെ രൂപംകൊണ്ടിരുന്ന തൊഴിലാളി ബോധത്തിന്റെ അലയൊലികളുണ്ടെന്ന് സന്തോഷ് കുമാർ ചൂണ്ടിക്കാണിക്കുന്നു (2012:23). പത്തൊമ്പതാംനൂറ്റാണ്ടിന്റെ മധ്യത്തിൽ തൊഴിൽ സമയം എട്ടുമണിക്കൂറാക്കാനും ആഴ്ചയിൽ വിശ്രമദിവസം അനുവദിക്കാനും പലയിടത്തും നടന്ന സമരങ്ങൾ ഇന്ത്യയിലും പ്രതിഫലിച്ചിരുന്നുവെന്നും ഇന്ത്യൻ റയിൽവേ തൊഴിലാളികൾ അക്കാലത്ത് പണിമുടക്കിയിരുന്നുവെന്നും കാണാം. അവയുടെ ആശയാവലികളിലൂന്നിയാണ് നോവലിൽ ഈ ഭാഗം വന്നിരിക്കുന്നതെന്നു വ്യക്തം.

3) മനസാണ് ഒരാളുടെ ശരീരത്തെ നിയന്ത്രിക്കുന്നതെന്നും ഒരാളുടെ ചെയ്തികളെ നിർണയിച്ച് ജീവിതത്തെ നല്ലത്/ചീത്ത തുടങ്ങിയവയിൽ പ്രതിഷ്ഠിക്കുന്നതെന്നും ഉറപ്പിക്കുകയാണ് നോവൽ. അതിനാൽ മനസാണ് നല്ലതാക്കേണ്ടത്. അതിന് അറിവാണ് വേണ്ടത്. മാനസികമായിട്ടാണ് മനുഷ്യർ ഒന്നാകുന്നത്. മനസിനെ സാധ്യമാക്കുന്നത് ആന്തരികമായ ഗുണങ്ങളെ സൃഷ്ടിക്കുന്നതിലൂടെയാണ്. സത്യം, നീതി, സ്നേഹം, ദയ, അലിവ് തുടങ്ങിയ ഗുണ


ISSN: 2582 - 2594

ങ്ങളിലൂടെയാണ് ഒരാളുടെ മനസ് വളരുന്നത്. അയാളിലെ മനുഷ്യത്വം വികസിക്കുന്നത്. സാമൂഹികജീവിയെന്ന നിലയിൽ ഒരാളുടെ ജീവിതം അന്യരുമായി താദാത്മ്യപ്പെടുന്നത് ഇത്തരം മാനസികഗുണങ്ങളിലൂടെയാണ്. ഇതിന് സഹായിക്കുന്നതാണ് ദൈവവിശ്വാസവും ക്രൈസ്തവികതയും. ഹിന്ദുമതം പഠിപ്പിക്കുന്നത് മനുഷ്യർ തുല്യരല്ലെന്നും അവർ ജാതിയുടെയും വർണത്തിന്റെയും അടിസ്ഥാനത്തിൽ വ്യത്യസ്തരാണെന്നുമാണ്. അതിനാൽ മാനസികഗുണങ്ങളോ മറ്റോ ആരെയും തുല്യരാക്കുന്നില്ല. ഇവിടെയാണ് മാനസികഗുണങ്ങളിലൂന്നി ശാരീരികമായ, വ്യത്യാസങ്ങളെ മറികടക്കാൻ പ്രൊട്ടസ്റ്റന്റ് വിശ്വാസം ആഹ്വാനം ചെയ്തത്. ഭൗതികമായ അടിമത്തത്തെയും പീഡനത്തെയും മറികടക്കുന്നതിനും ചോദ്യംചെയ്യുന്നതിനും ഈ ആന്തരികമൂല്യങ്ങളും ഗുണങ്ങളും സഹായിക്കുന്നു. അടിമയായ പൗലൂസ് ജന്മിയായ കോശിയെ ചോദ്യംചെയ്യുന്നതും മറിയം പിതാവിനെ ചോദ്യംചെയ്യുന്നതും ഈ മാനസിക വികാസത്താലാണ്. ഈ മാനസിക, ആന്തരിക ഗുണവളർച്ചയാണ് നാരായണഗുരുവിലൂടെയും മറ്റും കേരളനവോത്ഥാനത്തിന്റെ അടിത്തറയായി വികസിക്കുന്നത്. അതിന്റെ തുടക്കത്തിൽ പൗലൂസ് എന്ന അടിമയെയാണ് ഘാതകവധം പ്രതിഷ്ഠിക്കുന്നത്.

### ആന്തരികഗുണങ്ങളുള്ള വ്യക്തികൾ

പൗലൂസിന്റെ വാക്കുകൾ മൂന്നുതവണ നോവലിൽ നീണ്ടഭാഷണങ്ങളായി കടന്നുവരുന്നുണ്ട്. ആദ്യത്തേത് ജന്മി കോശിയോട് നേരിട്ടു പറയുന്നതാണ്. മറ്റൊന്ന് മറിയത്തോട് സംസാരിക്കുന്നത്. മൂന്നാമത്തേത് കോശിയിൽ നിന്നു പിരിഞ്ഞു താമസിക്കുന്നവേളയിൽ നടത്തുന്ന പ്രഭാഷണമാണ്. ആ പ്രഭാഷണത്തോടെയാണ് കോശിക്കു മാനസാന്തരം ഉണ്ടാകുന്നതും അയാൾ അനുതപിക്കുന്നതും. മറിയത്തോടുള്ള വാക്കുകളൊഴിച്ച് ബാക്കി രണ്ടും തന്റെ ഉള്ളിലെ അമർഷവും ദുഃഖവും മറ്റുള്ളവരെ അറിയിക്കുന്ന പ്രകടനങ്ങളാണ്. ദൈവത്തിന്റെ സ്നേഹമാണ് അവന്റെ സംസാരവിഷയം. തന്റെ അടിമത്തബോധത്തിൽ നിന്ന് അതിനെതിരേയുള്ള കലഹത്തിന്റെ സംഘർഷമായിട്ടാണ് അദ്ദേഹത്തിന്റെ ചിന്തകൾ പുറത്തേക്കുവരുന്നത്. ഭൂമിയിൽ കഷ്ടപ്പെടുന്നവർക്ക് സ്വർഗം ലഭിക്കും എന്നതാണ് ആ വാക്കുകൾ (അതേകൃതി, 131).

"ക്രിസ്ത്യാനികൾ തമ്മിൽ സ്നേഹിക്കാൻ കല്പിക്കപ്പെട്ടിരിക്കുന്നു. ഇതുചെയ്യുന്നതിനു നാം സകലരെയും നമ്മുടെ ശത്രുക്കളെപോലും സ്നേഹിക്കണം. നമ്മിൽ ചിലർ തിന്മയിൽ കാലം കഴിച്ചുകൂട്ടിട്ടുണ്ട്. അധികം പേർക്കു കഠിനക്കാരായ യജമാനന്മാരും ഉണ്ടായിരുന്നിട്ടുണ്ട്. എന്നാൽ അവരുടെ തിന്മയ്ക്കു നന്മപകരം ചെയ്യുന്നതിനു കരുതിക്കൊണ്ടു നാം അവരുടെ പേർക്കു പ്രാർഥിക്കണം" (അതേകൃതി, 132).

ഇങ്ങനെ സ്നേഹംകൊണ്ട് തന്റെ സമൂഹത്തിലെ ജന്മിത്വത്തെയും അടിമത്തത്തെയും നീക്കംചെയ്യാം എന്ന പ്രതീക്ഷയാണ് അദ്ദേഹം പങ്കുവയ്ക്കുന്നത്. നേരിട്ട് ജന്മിമാരെ /യജമാനന്മാരെ എതിർക്കണം എന്ന സൂചന ഇവിടെയില്ല. അവരുടെ മാനസാന്തരത്തിനുള്ള പ്രാർഥനയാണ് മുന്നോട്ടുവയ്ക്കപ്പെടുന്നത്. ദൈവം അടിമകളെ മോചിപ്പിക്കും എന്നതാണ് വിവക്ഷ. അതോടൊപ്പം യജമാനനുവേണ്ടി പണിയെടുക്കണം എന്നു സൂചിപ്പിക്കുന്നുമുണ്ട്.

അക്കാലത്ത് കേരളത്തിലെ അടിമകളുടെയിടയിൽ പ്രവർത്തിച്ച മിഷനറിമാരുടെ ജന്മിത്വത്തോടുള്ള വിധേയത്വവും സംഘർഷവും ഇതിൽ പ്രകടമാണ്. നിലവിലെ ജാതിവ്യവസ്ഥ

യെ നേരിട്ട് ചോദ്യംചെയ്യുന്ന പ്രക്രിയയിൽനിന്ന് അവർ മാറിനിന്നിരുന്നുവെന്നത് പറഞ്ഞു. എന്നാൽ ആന്തരികഗുണത്തിലൂടെ പ്രത്യക്ഷതകൾക്കുപരി മനുഷ്യനിലെ മാനസികഭാവത്തിന് ഊന്നൽനല്കിയ മിഷനറിമാർ, ജന്മിത്വം എന്ന അധികാരത്തിനു മീതേ മനുഷ്യത്വം എന്ന വ്യവസ്ഥയെ സ്ഥാപിക്കുകയായിരുന്നു. ആ വ്യവസ്ഥയിലേക്ക് കീഴാളരെ കൊണ്ടുവരികയായിരുന്നു എന്നത് ഇവിടെ വ്യക്തമാക്കുന്നു. അങ്ങനെയാണ് പൗലൂസ് തന്റെ ഉടമയായ കോശിയേക്കാൾ വലിയവനായി മാറുന്നത്. പിന്നീട് പൗലൂസ് അടിമയായി പണിയെടുത്തിട്ടില്ലെന്നാണ് സൂചനകൾ. കോശിയെ വിട്ടുപോയശേഷം നിരവധി മാസങ്ങൾ കഴിഞ്ഞശേഷമാണ് അയാൾ പഴയ സ്ഥലത്തുവരുന്നതും ജീവിക്കുന്നതും. എന്നാൽ അയാളിലെ 'ഓച്ഛാനിക്കൽ' അടക്കമുള്ള ജാതിപരമായ വിധേയത്വഭാവങ്ങൾ ഇല്ലാതാകുന്നില്ല. അയാളുടെ വിശ്വാസം എല്ലാത്തരം അടിമത്തത്തിൽനിന്നും അദ്ദേഹത്തെ മോചിപ്പിച്ചു. വീണ്ടും പഴയ തൊഴിലിലേക്ക് പൗലൂസ് മടങ്ങുന്നില്ല. കീഴാളർ അവരുടെ കൃഷിപ്പണിയിൽ കെട്ടപ്പെട്ടവരാണെന്ന പൊതുബോധമാണ് ഇവിടെ പൗലൂസ് നിഷേധിക്കുന്നത്. സ്വാതന്ത്ര്യംനേടി പുതിയമേഖലകളിലേക്ക് പോകാനാവും എന്ന സാധ്യതയാണ് ഇവിടെ കാണുന്നത്. അതിലൂടെ ജാതിയുടെ യുക്തികൾ തിരസ്കരിക്കുന്നു.

**ജന്മിക്കുമീതേ അധികാരം**

തന്റെ കുഞ്ഞിനെ കോശി കൊന്നപ്പോൾ പൗലൂസ് നടത്തിയ പ്രഭാഷണം അദ്ദേഹം എങ്ങനെ മാറ്റത്തിനുവിധേയമായി എന്നു സൂചിപ്പിക്കുന്നതാണ് (അതേകൃതി, 40-42). കോശിയെ കഠിനക്കാരനായ യജമാനൻ എന്നാദ്യം സംബോധന ചെയ്ത് അയാൾ കാര്യങ്ങൾ പറയുന്നതിനുമുമ്പ് ആ ജാതിക്കു പതിവില്ലാത്ത ഒരു ധൈര്യത്തോടുംകൂടെ മിക്കവാറും ദീർഘദർശന രീതിയിൽ കുറ്റക്കാരനായ തന്റെ യജമാനനോട് ഇപ്രകാരം പറഞ്ഞു:

"ഞാൻ കഴിഞ്ഞുപോയവരുടെ കാലത്തെ ഇപ്പണിയിൽ വേലയെടുത്തുവന്നു. ഞാൻ അന്നൊരു അജ്ഞാനിയായിരുന്നതു കൊണ്ടു നെല്ലും മറ്റും കട്ടുവാരിക്കൊണ്ടു പോവുകയും തെങ്ങേൽ കേറുകയും വാഴക്കുല ചെത്തുകയും മറ്റും പല മോഷണങ്ങളും ചെയ്തിട്ടുണ്ട്......എന്നാൽ ഇപ്പോൾ ഒരു ക്രിസ്ത്യാനിയായിരിക്കുന്നു. ദൈവത്തിന്റെ വചനത്തിൽനിന്നു പരമാർഥിയായിരിക്കാൻ ഞാൻ പഠിച്ചു......നല്ല അധ്വാനിയായിരിക്കണമെന്നും ഞാൻ അറിഞ്ഞു. വേലയെടുക്കാത്തവൻ ഭക്ഷിക്കരുത് എന്നു പറഞ്ഞിട്ടുണ്ടല്ലോ?......എന്നാൽ ഇപ്പോൾ ഞാൻ തീർത്തു പറയുന്നു, എന്റെ ഈ കൈ ഇനിയും ഒരിക്കലും നിങ്ങൾക്കു വേലയെടുക്കയില്ല. തന്റെ ചോറിനിയുമൊരുനാളും ഞാൻ ഉണ്ണുകയുമില്ല. ഇപ്പോൾ ഞാൻ പോകുന്നു. ഞങ്ങളുടെ ഹൃദയങ്ങളെ തിരിച്ച ദൈവം കഠിനക്കാരനായ ഞങ്ങളുടെ യജമാനന്റെയും മനസിനെ അലിയിക്കുന്നതുവരെ നമ്മൾ തമ്മിൽ കാണുകയുമില്ല" (അതേകൃതി, 40-42).

പൗലൂസിന്റെ ലിംഗപരമായ രൂപീകരണം നടക്കുന്നത് ശരീരം, ഭാഷ, വസ്ത്രം, കരുത്ത് എന്നിവയുടെ പ്രത്യക്ഷതലത്തിലല്ല, മറിച്ച് സ്വഭാവഗുണങ്ങളെന്ന നിലയിൽ ആന്തരികമായാണ്. തന്റെ യജമാനന്റെ പൗരുഷത്തിനു പിന്നിലാണ് ആണെന്ന നിലയിൽ തന്റെ സ്ഥാനം എന്നുറച്ചു തന്നെയാണ് അയാൾ നില്ക്കുന്നത്. അക്കാലത്തെ കീഴാളരുടെ അടിമബോധത്തിലാണ് അയാളുടെ ഇരിപ്പും നടപ്പുമെല്ലാം. മറിയക്കു മുന്നിൽപ്പോലും 'ഓച്ഛാനിച്ചാ'ണ് അയാൾ നില്ക്കുക. എന്നാൽ അയാൾ പ്രകടിപ്പിക്കുന്ന സ്ഥൈര്യവും വ്യക്തിത്വവും ധീരതയും അക്കാലത്ത് സവ


ISSN: 2582 - 2594

ർണരെക്കാൾ ഉയർന്ന വ്യക്തിത്വമായി അയാളെ മാറ്റുന്നു. ഈ വാക്കുകൾ അത് വ്യക്തമാക്കുന്നു.

'ഞാൻ' എന്നാണ് തന്നെ പൗലൂസ് വിശേഷിപ്പിക്കുന്നത്. അക്കാലത്ത് ദലിതർ മേലാളരുടെ മുന്നിൽ 'ഞാൻ' എന്നു പറയാൻ പാടില്ലെന്ന് വഴക്കമുണ്ടായിരുന്നിടത്താണ് ഈ പ്രയോഗത്തിന്റെ വിപ്ലവസ്വഭാവം പ്രസക്തമാകുന്നത്. 'ജാതിഭാഷ'യും 'ആചാരഭാഷ'യും നിലനിന്നകാലത്താണ് അതിനെ ലംഘിച്ചുകൊണ്ട് ഒരു പുലയൻ സംസാരിക്കുന്നത്. ഇവിടെ പൗലൂസിന്റെ 'ഞാനി'ന്റെ മൂല്യം വ്യക്തമാകുന്നു. 1896ൽ തിരുവതാംകൂർരാജാവിനു സമർപ്പിക്കപ്പെട്ട 'ഈഴവമെമ്മോറിയലി'ൽ ഉപയോഗിച്ചിരിക്കുന്ന അടിയശബ്ദത്തിന്റെ എണ്ണം ഇരുപതിനെട്ടുത്തുവരുമെന്ന് പി.കെ. ബാലകൃഷ്ണൻ പറയുന്നുണ്ട് (2012:57). അതായത് തങ്ങളുടെ കീഴാഴ്മ പ്രകടിപ്പിക്കുന്ന ഭാഷയെ ചെറുക്കാൻപോലും അക്കാലത്ത് കീഴാളർക്ക് കഴിയുന്നില്ല. ഓരോജാതിക്കും കൃത്യമായ ജാതിഭാഷ-ആദര, വിനയഭാഷകൾ- നിലനിന്നകാലത്ത് അതിനെയെല്ലാം നിരാകരിച്ചുകൊണ്ട് എല്ലാവരും ഒരേഭാഷ സംസാരിച്ചത് ആധുനിക വിദ്യാഭ്യാസവും മറ്റും പ്രചരിച്ച കാലത്താണ്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുന്ന കാലത്താണ് പൗലൂസ് എന്ന പുലയൻ ജന്മി കോശിയുടെ മുമ്പിൽ തലയുയർത്തിനിന്ന് 'ഞാൻ' എന്ന് ആവർത്തിച്ചു പറയുന്നത്.

മിഷനറിമാരിലൂടെ അച്ചടിയിലേക്കും സ്കൂൾ പാഠപുസ്തകങ്ങളിലേക്കും വന്നപ്പോഴാണ് മലയാളഭാഷയുടെ ആധുനികത രൂപംകൊള്ളുന്നത്. ബെഞ്ചമിൻ ബെയ്‌ലിയാണ് അച്ചടിയിലൂടെയും പുസ്തകനിർമാണത്തിലൂടെയും ബൈബിൾ വിവർത്തനത്തിലൂടെയും മലയാളത്തെ മാറ്റിയതിൽ പ്രധാനി. അക്കാലത്തെ ഭാഷാരീതി പദ്യമായിരുന്നു. മിഷനറിമാർ പോലും പദ്യത്തെ ആശ്രയിച്ചാണ് ആദ്യകാലത്ത് തങ്ങളുടെ ആശയവിനിമയം നടത്തിയത്. പരമ്പരാഗതമായി നിലനിന്ന് സംസ്കൃതഭാഷാബഹുലമായ ഭാഷാപ്രയോഗവും പദ്യഭാഷയും തിരസ്കരിച്ചാണ് മധ്യമാർഗത്തിലൂടെ ബയ്‌ലി മലയാളഗദ്യം രൂപപ്പെടുത്തിയത്. ഈ ആധുനികഗദ്യമാണ് മലയാളത്തിന്റെ സാഹിത്യഗദ്യത്തിന്റെയും വൈജ്ഞാനികഭാഷയുടെയും അടിത്തറ. മലയാളത്തിലെ ജാതിഭാഷകളെ നിരാകരിച്ചാണ് ആധുനികമലയാളം രൂപം കൊണ്ടത്. ഈ മലയാളമാണ് സ്കൂളുകളിലും കോളേജുകളിലും മാധ്യമങ്ങളിലും ആശയപ്രകാശനോപാധിയായത്. എല്ലാവർക്കും തുല്യമായി ഭാഷ ഉപയോഗിക്കാൻ കഴിയുന്ന പശ്ചാത്തലം ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നു. ഇവിടെയാണ് കോളിൻസ് മാദാമ്മയുടെ പൗലൂസ് 'അടിയൻ' വിട്ട് 'ഞാൻ' എന്നു പറയുന്നത്. അധിനിവേശത്തിന്റെ സംസ്കാരത്തിൽ നിന്ന കോളിൻസ് മദാമ്മയ്ക്കും വിവർത്തകനും ജാതിഭാഷ അന്യമാണ്. അവർ അവർക്കറിയാവുന്ന അക്കാലത്തെ മാനകമലയാളം കഥാപാത്രങ്ങൾക്കു നല്കി. സ്കൂളിൽ പഠിക്കാത്ത പൗലൂസ് സംസാരിക്കുന്നത് മാനകമലയാളമാണെന്ന് ശ്രദ്ധിക്കണം. പൗലൂസിന്റെ ആധുനികത ഈ ഭാഷയാണെന്നും പറയാം. അയാൾ അടിമപ്പണി വിട്ട് പോകുന്നത് സുവിശേഷവേലയ്ക്കാണ്. അവിടെ ജനങ്ങളോടു സംസാരിക്കുന്നതും മാനകഗദ്യത്തിലാണ്. മതപ്രചരണാർഥം സാധാരണക്കാരോട് സംസാരിക്കുവാനാണ് ഈ ഗദ്യം മിഷനറിമാർ ഏറെ ഉപയോഗിച്ചിരുന്നത്. ജാതിഭാഷയിൽ നിന്ന് മലയാളി പുറത്തുകടക്കുന്നതിന്റെ ആദ്യത്തെ അടയാളമണ് പൗലൂസ്. അക്കാലത്ത് സവർണരിലെ സ്ത്രീകൾക്കുപോലും ഞാൻ എന്നുപറയുവാൻ അനുവദിക്കപ്പെട്ടിരുന്നില്ലെന്നും ഇംഗ്ലീഷുപഠിച്ചവരാണ് ഇത്തരം രീതികൾ കൊണ്ടുവന്നതെന്നും ഇന്ദുലേഖയിൽ കാണാം. ഇന്ദുലേഖയിൽ ഇന്ദുലേഖ 'ഞാൻ' എന്നു

പറഞ്ഞപ്പോൾ സൂരിനമ്പൂതിരിപ്പാട് ഞെട്ടിയത് ഇതുമായി ബന്ധമുള്ള പ്രശ്നമായിക്കാണാം. പൗലൂസ് ഒടുവിൽ പറയുന്ന നിഷേധവാക്കുകൾ ഒരടിമയിൽനിന്ന് അക്കാലത്ത് ഉണ്ടാകാൻ യാതൊരു സാധ്യതയുമില്ലാത്തതാണ്. അതായത് വ്യക്തിത്വത്തിന്റെ ആന്തരികതലത്തിൽ പൗലൂസ് ആധുനികപൗരനായി മാറിയിരിക്കുന്നതാണ് ഇത് സൂചിപ്പിക്കുന്നത്. പുറമേ അയാൾ അടിമയായിരിക്കുകയും ആന്തരികതലത്തിൽ അതിനെ നിരാകരിക്കുകയും ചെയ്യുന്ന വൈരുദ്ധ്യമാണ് പൗലൂസിന്റെ കർതൃത്വത്തെ നിർണയിക്കുന്നത്.

ആധുനികതയുടെ മനുഷ്യത്വത്തിന്റെ ക്രമത്തിലേക്ക് അയാളുടെ വ്യക്തിത്വം തുന്നിച്ചേർക്കപ്പെടുന്നതിന്റെ മറ്റൊരു ചിത്രം ആറാം അധ്യായത്തിൽകാണാം. പൗലൂസ് തനിക്കനുവദിച്ചിട്ടുള്ള പറമ്പിൽ തെങ്ങ് നടാൻ ശ്രമിക്കുമ്പോൾ ഉണ്ടാകുന്ന ചില പ്രലോഭനങ്ങൾ അദ്ദേഹം തിരസ്കരിക്കുന്നു. “താൻ മോഷ്ടിച്ചുവന്ന കാലങ്ങളിൽ തേങ്ങ അരച്ച കറികളുടെ സ്വാദ് അറിഞ്ഞിരുന്നതുകൊണ്ട് വൃദ്ധനായ പൗലൂസ് ഒരു തെങ്ങു വച്ചുപിടിപ്പിക്കാൻ വളരെ നാളായി ദീക്ഷിച്ചിരിക്കുകയായിരുന്നു. എങ്കിലും ക്രിസ്ത്യാനിയായതു മുതൽ മോഷ്ടിക്കപ്പെട്ട വസ്തുക്കൾ തന്റെ വായിലേക്ക് കടന്നുകൂടാ എന്നു അവൻ നിശ്ചയിച്ചു. പലപ്പോഴും കഠിനമായ പരീക്ഷകളിൽ വീണിട്ടുണ്ട് എങ്കിലും അവൻ തന്റെ ക്രിസ്ത്യാനിയെന്നുള്ള നാമത്തെ അപമാനിക്കാതെ ഇരിപ്പാൻ ശ്രമിച്ചു” (കോളിൻസ് മാദാമ്മ, 1990:60). ഈ വിശ്വാസത്തിന്റെ ആവിഷ്കാരമാണ് പ്രലോഭനങ്ങളിൽ പതറാതെ ഇരിക്കുക എന്നത്. പലതരം പ്രലോഭനവിഷയമുണ്ട്. സ്ത്രീ, പണം എന്നിവ ഇതിൽ പ്രധാനമായതാണ്. വേദപുസ്തകത്തിലെ പ്രമേയവുമാണ് പ്രലോഭനത്തെ അതിജീവിക്കൽ.

പ്രലോഭനങ്ങളെ അതിജീവിച്ച മനസിന്റെ തുടർപ്രക്രിയയാണ് സഹനത്തിന്റെയും ക്ഷമയുടെയും വികാസം. തുടർന്ന് പൗലൂസ് കടന്നുപോകുന്നത് അത്തരം അനുഭവങ്ങളിലൂടെയാണ്. അയാൾ തന്റെ പറമ്പിൽ തെങ്ങുകളെ ശുശ്രൂഷിച്ചുകൊണ്ടിരിക്കുമ്പോൾ ചിലർ വന്ന് എന്തോ എറിഞ്ഞ് അദ്ദേഹത്തെ മുറിവേല്പിക്കുകയുണ്ടായി. എങ്കിലും വേദനയുടെ അടയാളങ്ങൾ കാണിക്കാതിരിപ്പാൻ തക്കവണ്ണം അവൻ ഉൾക്കരുത്തുള്ളവനായിരുന്നു എന്നുപറയുന്നുണ്ട് (അതേകൃതി, 62). വേദനകളെ കടിച്ചമർത്തുവാനുള്ള ശീലം എത്ര ഭയങ്കര വേദനയെയും ക്ഷീണത്തെയും ഉള്ളൊതുക്കുവാനുള്ള സഹനശീലം പുതിയ മനുഷ്യന്റെ അനിവാര്യഗുണമായി ഇക്കാലത്ത് വ്യവസ്ഥപ്പെടുന്നുണ്ട്. സുകുമാരിയിൽ സുകുമാരിയ്ക്കും ഇതേപോലുള്ള അനുഭവം ഉണ്ടാകുന്നതായി വർണിക്കുന്നുണ്ട് (ജോസഫ് മൂളിയിൽ, 1985:314). അനാഥശാലയിൽവച്ച് മേൽനോട്ടക്കാരിയായ വത്സല സുകുമാരിയുടെ കീറിയ ഉടുപ്പ് ദേഹത്തെ തൊലിയോടു ചേർത്തു തുന്നിയെങ്കിലും മദാമ്മ കണ്ടുപിടിച്ചു ചോദിക്കും വരെ സുകുമാരി അതേപ്പറ്റി മിണ്ടിയില്ലെന്നു പറയുന്നുണ്ട്. അവൾ നേടിയ ക്ഷമാശക്തിയുടെ ആധിക്യത്തെ കാണിക്കാൻ പ്രയോഗിച്ച അതിശയോക്തിയാണിതെന്ന് ഇരുമ്പയം പറയുന്നു (1985:43). വർണനയിലെ അതിശയോക്തിയല്ലിത് മറിച്ച് മിഷനറിമതം പുതിയ മനുഷ്യന് ഉണ്ടാകണമെന്നു കല്പിക്കുന്ന ഗുണങ്ങളുടെ പ്രകടനമാണിത്.

പൗലൂസിന്റെ ജീവിതത്തിലെ പ്രശ്നം പൗലൂസിന്റെ കുട്ടിയെ ജന്മി കോശി വധിച്ചതാണ്. എന്നാൽ കോശിയും മകൾ മറിയവും ഗുരുതരമായ ഒരപകടത്തിൽപെട്ടപ്പോൾ അത്ഭുതകരമായവിധത്തിൽ രക്ഷകനായി വന്നത് അയാളായിരുന്നു. കോശിയും കുടുംബവും കയറിയവള്ളം ആറ്റിൽ ഒഴുക്കിൽപ്പെടുകയും മറിയം മുങ്ങിത്താഴാൻ തുടങ്ങുകയും ചെയ്തപ്പോൾ പൗലൂസ് അവിടെ ഒരു മിന്നലുപോലെ പ്രത്യക്ഷപ്പെടുന്നു. “ഈ സമയം ഒരു വല്യനഗ്നരൂപം ഉറച്ച

നിലവിളിച്ചുകൊണ്ടും കരയിൽ നിന്നു ആറ്റിലോട്ടു ചാടുകയും മുങ്ങുവാൻ തുടങ്ങിയ പെണ്ണിനെ ഒരു മാത്രകൊണ്ട് എടുത്തുപൊക്കിപ്പിടിക്കുകയും ചെയ്തു" (കോളിൻസ് മാദാമ്മ, 1990:72). ഇതാരാണെന്ന് കോശി കണ്ടില്ലായിരുന്നു. എന്നാൽ പിന്നീട് തന്റെ മകനെ താൻകൊന്നു എന്നാലിപ്പോൾ താൻ തന്റെ കുട്ടിയെ രക്ഷിച്ചിരിക്കുന്നവെന്ന് പൗലൂസ് പറഞ്ഞ് തന്റെ ദൗത്യം വ്യക്തമാക്കുന്നു. മുറിവുപറ്റി ക്ഷീണിതനായിരുന്നിട്ടും അപകടകരമായ മേഖലയിൽ പുഴയുടെ ഒഴുക്കുള്ള ഭാഗത്ത് ചാടി രക്ഷാപ്രവർത്തനം നിർവഹിച്ച അയാൾ ചെയ്തത് ക്രിയാത്മകമായ മനുഷ്യസ്വഭാവഗുണമാണ്. പൗലൂസ് നേടിയെടുക്കുന്ന ഈ വ്യക്തിത്വത്തിന്റെ അടയാളമാണ് അയാൾ അവസാനം നടത്തുന്ന പ്രഭാഷണം. അതുകേട്ട് അതുവരെ അയാളെ വെറും അടിമയായിക്കരുതിയ ജന്മി കോശി തന്റെ ജന്മിത്വത്തിൽ അനുതപിക്കുകയും മാനസാന്തരപ്പെടുകയും ചെയ്യുന്നു. അയാൾ പൗലൂസിനെ തന്റെ ഗുരുവായിക്കരുതുന്നു. അയാൾ പറയുന്നു: "ഇപ്പോൾ നീയെന്റെ അടിയാനല്ല. ഗുരുവാകുവാനത്രേ അധികയോഗ്യത എന്നു ഇപ്പോൾ കണ്ടറിഞ്ഞിരിക്കുന്നു. ഞാൻ നിന്നിൽനിന്നു പഠിപ്പാൻ ആഗ്രഹിക്കുന്നുമുണ്ടു. നിന്നിൽ ഉണ്ടായിരുന്ന വിചാരങ്ങൾ വളരെക്കാലം എന്റെ ദൈവങ്ങളായിട്ടു ഞാൻ വിചാരിച്ചുവന്നവയിൽ നിന്നു നന്നാ വ്യത്യപ്പെട്ടുവതന്നെ" (അതേകൃതി, 134).

അടിമയിൽനിന്നു യജമാനന്റെ ഗുരുവായി ഉയർത്തപ്പെടുന്നതാണ് പൗലൂസിന്റെ സ്വത്വഗുണം. കീഴാളനിൽനിന്നു മേലാളനിലും മേലാളത്വത്തിലേക്ക്. അങ്ങനെ കോശിയുടെ ജന്മിത്തവും സുറിയാനിബോധവും ചോദ്യംചെയ്യപ്പെടുകയും അയാൾ പൗലൂസിന്റെ വഴിയിൽ വരികയും ചെയ്തു. കായികശക്തിയെയും അധികാരത്തെയും മനഃശക്തി, സഹനം, സ്നേഹം എന്നിവ കൊണ്ട് മറികടക്കുന്നതാണ് പൗലൂസിന്റെ ജീവിതം അവതരിപ്പിക്കുന്നത്. പൗലൂസ് കോശിയുടെ അടിയാനെന്ന പദവി വിട്ട് ജന്മിത്വത്തിനും മീതെ വളരുന്നു. കായികാതിക്രമംകൊണ്ട് കീഴടക്കി ഭരിച്ചിരുന്ന ജന്മിത്വത്തെ നിരാകരിച്ച് ആധുനികത സാധ്യമാക്കിയ നവമാനുഷികതയുടെ പ്രാഥമികപാഠങ്ങൾ കീഴാളരിലൂടെയാണ് കഥാകാരി വരച്ചിടുന്നത് എന്നത് ചരിത്രപരമായി പ്രാധാന്യമുള്ള വസ്തുതയാണ്. അടിമകൾ ജന്മനാ ആത്മാവില്ലാത്തവരും കഴിവില്ലാത്തവരും അപരിഷ്കൃതരുമാണെന്ന സവർണബോധ്യങ്ങളെ തിരുത്തുകയാണ് ഇത്തരം നോവലുകൾ. അങ്ങനെ നോവൽ കീഴാളമനുഷ്യത്വത്തിന്റെ പൊതുബോധത്തെ ചോദ്യംചെയ്തുകൊണ്ട് അക്കാലത്ത് വികസിച്ചുകൊണ്ടിരുന്ന ആധുനികതയുടെ മാനവികതയെ ഭാവനചെയ്തു.

ക്രൈസ്തവികതയിലൂടെ ആന്തരികഗുണമാർന്ന ആധുനിക മനുഷ്യനായി പൗലൂസ് മാറുകയാണ്. മലയാളത്തിൽ നവോത്ഥാനവല്കരിക്കപ്പെട്ട ആദ്യനോവൽ കഥാപാത്രം പൗലൂസാണെന്നും പറയാം. ഇതിന്റെ തുടർച്ചയിലാണ് മാധവനും യേശുദാസനും വരുന്നത്. കീഴാളർ ഇത്തരത്തിൽ വിപുലമായി കടന്നുവരുന്നത് തകഴിയുടെയും മറ്റും നോവലുകളിലാണ്. കുട്ടനാട്ടിലെ അടിമകളായ പുലയരുടെ ജീവിതകഥകളിലൂടെയാണ് അവരെ പുതിയ മനുഷ്യരാക്കുന്ന കഥകൾ വരുന്നത്. പൗലൂസിനെ മനുഷ്യനാക്കിയത് ക്രിസ്തുമതം ആയിരുന്നെങ്കിൽ പിൽക്കാലത്ത് തകഴിയുടെ നോവലിലെ മനുഷ്യരെ മാറ്റുന്നത് കമ്യൂണിസ്റ്റ്പാർട്ടിയാണ്. നവോത്ഥാനത്തിന്റെ പുതിയഘട്ടത്തിൽ മതാരോഹണവും മതപരിവർത്തനവും പ്രസക്തമല്ലാതാവുകയും വർഗപരമായി മനുഷ്യരെ വളർത്തുന്ന ആശയങ്ങൾ ശക്തിപ്പെടുകയും ചെയ്യുന്നു. കേരളീയ ആധുനികതയുടെ മനുഷ്യവല്കരണത്തിന്റെ ചരിത്രമാണ് മലയാളനോവലെന്നു കാണാം.

## ഗ്രന്ഥസൂചി

1. Arunima G 2003 There Comes Papa colonialism and the transformation of matriliny in kerala, malabar 1850-1940 Orient Longman
2. Comeliau, Christian 2203 Impasses of Modernity Debating the Future of the Global Market Economy (Trans. Patric Camiller), Zed Books, London
3. കുര്യൻ തോമസ്, ഡോ. 2018 നസ്രാണി, സംസ്കാരം, ദേശീയത, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം
4. ജോർജ് ഇരുമ്പയം 1997 മലയാളനോവൽ പത്തൊമ്പതാം നൂറ്റാണ്ടിൽ സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം.
5. കോളിൻസ് മാദാമ്മ 1990 ഘാതകവധം (വിവ. റിച്ചാർഡ് കോളിൻസ്) ഡി.സി. ബുക്സ്, കോട്ടയം.
6. തരകൻ കെ. എം 2005 മലയാള നോവൽസാഹിത്യചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.
7. തുമ്പമൺ തോമസ് 1992 മലയാള നോവലിൽ ഒരു പുനഃപരിശോധന, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.
8. ദേവിക ജെ. 2010 കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ? സി.ഡി.എസ്, തിരുവനന്തപുരം.
9. ബാലകൃഷ്ണൻ പി. കെ. 2008 ജാതിവ്യവസ്ഥിതിയും കേരളചരിത്രവും, ഡി. സി. ബുക്സ്, കോട്ടയം
10. യേശുദാസൻ ടി. എം. 2010 ബലിയാടുകളുടെ വംശാവലി, പ്രഭാത് ബുക്ക് ഹൗസ്, തിരുവനന്തപുരം.

 ISSN: 2582 - 2594